LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചുവരുന്നതും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനായി 2013-ലെ എൽ.എ.ആർ.ആർ. ആക്ട് വകുപ്പ് 11(1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം 22-1-2021-ലെ 268 നമ്പർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്.

(ബി) ഭൂമി സർവ്വേ ചെയ്ത് സ്കെച്ച് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ; സ്ഥലത്തിന്റെ വില നിർണ്ണയിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഭൂമി സർവ്വേ ചെയ്ത് സ്കെച്ച് തയ്യാറാക്കിയിട്ടുള്ളതും പ്രസ്തുത സ്കെച്ച് പരിശോധനയ്ക്കും അംഗീകാരത്തിനുമായി ജില്ലാ സർവ്വേ വിഭാഗത്തിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. സ്കെച്ചിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികളും തുടർന്ന് സ്ഥലവില നിർണ്ണയിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

(സി) വക്കം വില്ലേജിലെ പുതിയ വില്ലേജ് ഓഫീസ് നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; ആയതിന് എന്നു മുതൽ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ?

വക്കം വില്ലേജ് ഓഫീസ് നിർമ്മാണം അന്തിമഘട്ടത്തിലാണ്. വക്കം വില്ലേജ് ഓഫീസ് നിർമ്മാണം സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയിലുൾപ്പെടുത്തി ആഗസ്റ്റ് മാസം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

വികസന പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ

307(917) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികളായ പേട്ട-ആനയറ-ഒരുവാതിൽകോട്ട റോഡ് നവീകരണം, ശ്രീകാര്യം മേൽപ്പാലം നിർമ്മാണം, മണ്ണന്തല-പൗഡിക്കോണം മാതൃകാറോഡ്, സൊസൈറ്റി ജംഗ്ഷൻ-ശ്രീകാര്യം മാതൃകാറോഡ്, ആറ്റിപ്ര പാലം നിർമ്മാണം, തിരുവനന്തപുരം മെഡിക്കൽ കോളേജ് വികസനം എന്നിവയ്ക്കാവശ്യമായ സ്ഥലമേറ്റെടുക്കൽ നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

പേട്ട-ആനയറ-ഒരുവാതിൽക്കോട്ട റോഡ് നവീകരണം :

തിരുവനന്തപുരം ജില്ലയിൽ കടകംപള്ളി വില്ലേജിൽ ഉൾപ്പെട്ട 1.6467 ഹെക്ടർ സ്ഥലം പേട്ട-ആനയറ-ഒരുവാതിൽക്കോട്ട റോഡ് നവീകരണത്തിനായി ഏറ്റെടുക്കുന്നതിന് 2013-ലെ എൽ.എ.ആർ.ആർ. ആക്ട് വകുപ്പ് 19(1) പ്രകാരമുള്ള

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപനം 18-6-2021-ലെ 1802-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സ്പെഷ്യൽ തഹസിൽദാർ (എൽ.എ.), പി.ഡബ്ല്യു.ഡി. (സതേൺ സർക്കിൾ)-ന്റെ കാര്യാലയത്തിൽ പ്രസ്തുത ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട വില നിർണ്ണയ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ശ്രീകാര്യം മേൽപ്പാലം:

തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ചെറുവയ്ക്കൽ, ഉള്ളൂർ, പാങ്ങപ്പാറ വില്ലേജുകളിലുൾപ്പെട്ട 1.3277 ഹെക്ടർ സ്ഥലം ശ്രീകാര്യം മേൽപ്പാലം നിർമ്മാണത്തിന് ഏറ്റെടുക്കുന്നതിനായി 2013-ലെ എൽ.എ.ആർ.ആർ. ആക്ട് വകുപ്പ് 19(1) പ്രകാരമുള്ള പ്രഖ്യാപനം 6-11-2020-ലെ 2665 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട വില നിർണ്ണയ റിപ്പോർട്ട് 21-1-2021-ലെ തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടി ക്രമപ്രകാരം അംഗീകരിച്ച് DVS തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്റ്റേറ്റ് പോളിസി പ്രകാരം ഭൂവുടമകളുമായി DLFC മീറ്റിംഗ് കൂടുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

മണ്ണന്തല - പൗഡിക്കോണം മാതൃക റോഡ് നിർമ്മാണം:

തിരുവനന്തപുരം ജില്ലയിൽ ഉള്ളൂർ, ഉളിയാഴ്റ വില്ലേജുകളിലുൾപ്പെട്ട സ്ഥലം മണ്ണന്തല-പൗഡിക്കോണം റോഡ് വികസനത്തിനായി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എസ്.ഐ.എ. പഠനം നടത്തുന്നതിന് യൂത്ത് സോഷ്യൽ സർവീസ് ഓർഗനൈസേഷൻ, സോഷ്യൽ സർവീസ് സെന്റർ, കോതമംഗലത്തെ നിയമിച്ച് 4(1) വിജ്ഞാപനം 18-2-2021-ലെ 816-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിദഗ്ധ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. ആറ്റിപ്ര പാലം കണ്ടിജൻസി ചാർജ് നാളിതുവരെയും ലഭ്യമാകാത്തതിനാൽ തുടർനടപടി സ്വീകരിക്കുവാൻ കഴിഞ്ഞില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജ് വികസനം, സൊസൈറ്റി ജംഗ്ഷൻ-ശ്രീകാര്യം റോഡ് എന്നിവയ്ക്കായി ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട റിക്വിസിഷൻ ലഭ്യമായിട്ടില്ല.

(ബി) വികസന പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കാമോ?

RFCTLARR Act പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല.